**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1953** **09-02-2023 - ൽ മറുപടിയ്ക്ക്**

**സർക്കാർ ജീവനക്കാരുടെ വേതനവും കേന്ദ്ര പാരിറ്റിയും**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. അബ്ദുൽ ഹമീദ് പി | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | സംസ്ഥാനത്തെ സർക്കാർ ജീവനക്കാർക്ക് ഇന്ത്യയിലെ മറ്റ് സംസ്ഥാനങ്ങളിലെ സർക്കാർ ജീവനക്കാർക്ക് ലഭിക്കുന്ന അതേ അനുപാതത്തിലുള്ള ശമ്പള സ്കെയിലും ക്ഷാമബത്തയും മറ്റ് അലവൻസുകളും നിലവിൽ ലഭിക്കുന്നുണ്ടോ എന്ന് വിശദമാക്കാമോ; | (എ) | വിവിധ സംസ്ഥാന സർക്കാരുകളുടെ നയപരമായ തീരുമാനപ്രകാരം വ്യത്യസ്ത രീതിയിലും വ്യത്യസ്ത തീയതികളിലുമായാണ് അതത് സംസ്ഥാനങ്ങളിലെ സർക്കാർ ജീവനക്കാർക്ക് ശമ്പളപരിഷ്കരണം നടപ്പിലാക്കുന്നത്. മറ്റ് സംസ്ഥാന ങ്ങളിലെ ജീവനക്കാരുടെ ശമ്പളാനുകൂല്യങ്ങളുമായി താരതമ്യം ചെയ്തു കൊണ്ടല്ല കേരളത്തിൽ ജീവനക്കാർക്ക് ശമ്പള സ്കെയിലും ക്ഷാമബത്തയും മറ്റ് അലവൻസുകളും അനുവദിക്കുന്നത്. |
| (ബി) | മറ്റ് സംസ്ഥാന സർക്കാർ ജീവനക്കാരുടെ ശമ്പള സ്കെയിലുകളും വേതന ഘടനയുമായി താരതമ്യം നടത്തിയാൽ സംസ്ഥാന സർക്കാർ ജീവനക്കാരുടേത് എത്രാമത്തെ സ്ഥാനത്താണ് എന്ന് വ്യക്തമാക്കാമോ; | (ബി) | ഇത്തരത്തിൽ ഒരു താരതമ്യ പഠനം നടത്തിയിട്ടില്ല. |
| (സി) | ഇന്ത്യയിലെ എത്ര സംസ്ഥാന സർക്കാരുകളാണ് കേന്ദ്ര പാരിറ്റി അടിസ്ഥാനമാക്കിയുള്ള ശമ്പള സ്കെയിലുകൾ അതാത് സംസ്ഥാനങ്ങളിലെ സർക്കാർ ജീവനക്കാർക്ക് നൽകി വരുന്നത് എന്നുള്ള വിവരം ലഭ്യമാക്കാമോ? | (സി) | ഇത്തരത്തിൽ ഒരു താരതമ്യ പഠനം നടത്തിയിട്ടില്ല. |

സെക്ഷൻ ഓഫീസർ